## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 341** | **27/02/2017-ൽ മറുപടിക്ക്**

### ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ജീവൻരക്ഷാ മരുന്നുകളുടെയും വില ഒരു മാനദണ്ഡവും ഇല്ലാതെ വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഓരോ മരുന്നിനും ഓരോ സ്ഥലത്തും ഓരോ വില ഈടാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | എ) രാജ്യത്ത് നിർമ്മിച്ച് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംങ്ങ് അതോറിറ്റിയാണ്.വിപണി അധിഷ്ഠിത വില നിയന്ത്രണ രീതിയിൽ ഒരു ശതമാനമോ അതിൽ കൂടുതലോ മാർക്കറ്റ് ഷെയർ ഉള്ള കമ്പനികളുടെ വിവിധ ബ്രാൻഡുകളുടെ ശരാശരി വിലയാണ് മരുന്നിന്റെ സീലിംഗ് പ്രൈസ് ആയി നിശ്ചയിക്കുന്നത്. സീലിംഗ്പ്രൈസിനേക്കാൾ കൂടുതൽ വിലയിൽ വിൽക്കുന്ന മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിച്ച വിലയിലേക്ക് കുറയ്ക്കണമെന്നും കുറഞ്ഞ വിലയിൽ വിപണിയിൽ ലഭ്യമായ മരുന്നുകൾ മാറ്റം കൂടാതെ തന്നെ വിപണനം ചെയ്യണമെന്നുമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംങ്ങ് അതോറിറ്റി അനുശാസിക്കുന്നത്. ആയതിനാലാണ് ഒരേ മരുന്നിന് വിവിധ വില വിപണിയിൽ പ്രകടമാകുന്നത്.<br><br>വില നിയന്ത്രണത്തിൽ വന്നു കഴിഞ്ഞ എല്ലാ ജീവൻ രക്ഷാ മരുന്നുകളും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ/ വിതരണക്കാർ/ വിൽപ്പനക്കാർ വിപണിയിൽ ലഭ്യമാക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനയിലൂടെ ഉറപ്പാക്കുന്നുണ്ട്. ആയതിനാൽ ജീവൻ രക്ഷാ മരുന്നുകളുടെ വില ഒരു മാനദണ്ഡവുമില്ലാതെ വർധിപ്പിക്കുവാൻ സാധിക്കുകയില്ല.<br><br>ശസ്ത്രക്രിയാ ഉപകരണങ്ങളുടെ നിയന്ത്രണ-ത്തിനായി കേന്ദ്ര സർക്കാർ മെഡിക്കൽ |

➡

ഡിവൈസ് റൂൾസ് 2017 സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം 31/01/2017-ൽ പുറത്തിറക്കിയിട്ടുണ്ട്.

ആയത് 01/01/2018 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. അതോടുകൂടി മെഡിക്കൽ ഡിവൈസുകളെയും വില നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയുന്നതാണ്.

| | |
|---|---|
| **ബി)** മരുന്നു ഷോപ്പുകളുടെയും സർജിക്കൽ സാധനങ്ങളുടെ ഷോപ്പുകളുടെയും പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം പരിശോധിക്കുമോ ?<br>**സി)** ഡ്രഗ്സ് കൺട്രോളർക്ക് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ ? | **ബി) &സി)** ഗുണമേന്മയുള്ള മരുന്ന് ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| **ഡി)** ഇഷ്ടാനുസരണം മരുന്നുവില ഈടാക്കുന്ന മരുന്നു ഷോപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്ന കാര്യം പരിശോധിക്കുമോ ? | **ഡി)** ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ. പി പി എ) നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം അവശ്യ വസ്തു നിയമത്തിന്റെ പരിധിയിൽ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |
| **ഇ)** ആയുർവ്വേദമേഖലയുമായി ബന്ധപ്പെട്ട ഇത്തരം പരാതികൾ പരിശോധിക്കുവാൻ ഡ്രഗ്സ് കൺട്രോളർ (ആയുർവേദം)ക്ക് നിർദ്ദേശം നൽകുമോ;വിശദമാക്കുമോ? | **ഇ)** ആയുർവേദ മരുന്നുകൾക്ക് വില നിയന്ത്രണം നിലവിലില്ല. ആയതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നിയമ നിർമ്മാണം വരുന്ന മുറക്ക് മാത്രമേ നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| **എഫ്)** മരുന്നുവില അമിതമായി ഈടാക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ ? | **എഫ്)** മരുന്ന് വില അമിതമായി ഈടാക്കുന്നതിനെ സംബന്ധിച്ച പരാതികളിന്മേൽ സത്വര അന്വേഷണം നടത്തി നിയമ ലംഘനങ്ങൾ ബോധ്യപ്പെട്ടാൽ സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**